റാന്നി റോഡ്സ് ആൻറ് ബ്രിഡ്ജസ് സബ് ഡിവിഷൻ വഴി നടത്തിയ വിവിധ പ്രവൃത്തികൾ

158 [1508] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ റാന്നി റോഡ്സ് ആൻറ് ബ്രിഡ്ജസ് സബ് ഡിവിഷൻ വഴി നടത്തിയ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തികളുടെ പേരും എസ്റ്റിമേറ്റ് തുകയും സഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര രൂപ വീതമാണ് ചെലവായത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആൻറ് ബി) പദ്ധതി ഇനത്തിൽ താഴെപറയുന്ന പണികളാണ് നടത്തിയിട്ടുള്ളത്:

		വർഷം	എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക
1	റാന്നി ബ്രാഞ്ച് റോഡ് കി. മീ. 2/0 മുതൽ 7/200 വരെ.	2002-03	30	15.62
2	ചെറുകോൽപുഴ-റാന്നി റോഡിൽ കി. മീ. 0/0-നും 5/0-നും ഇടയ്ക്കുള്ള ഇടുങ്ങിയ കലുങ്കുകൾ വീതി കൂട്ടൽ	2002-04	15.27	23.68
3	മണ്ണാറക്കുളഞ്ഞി-കോഴഞ്ചേരി റോഡ് കി. മീ. 0/0 മുതൽ 4/0 വരെ	2005-06	71.37	ശേഖരിച്ചു വരുന്നു.
4	മണ്ണാറക്കുളഞ്ഞി-പ്രാപ്പുള്ളി റോഡിൽ കി. മീ. 9/500-നു സമീപം തകർന്ന സംരക്ഷണ ഭിത്തി പുനർനിർമ്മാണം	2003	31.84	

പദ്ധതിയേതര ഇനത്തിലും, ശബരിമല ഉൽസവത്തോടനുബന്ധിച്ചും അനേകം ചെറിയ ചെറിയ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly